# കേരള എൻജിനീയറിങ്, ആർക്കിടെക്ച്ചർ, മെഡിക്കൽ, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം

1. കീം അപേക്ഷ ഓൺലൈനായി എങ്ങനെ അപേക്ഷിക്കാം?
   അഞ്ച് ഘട്ടങ്ങളായാണ് ഓൺലൈൻ അപേക്ഷ പൂർത്തീകരിക്കേണ്ടത്. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള അവസാന തീയതിക്കുള്ളിൽ ഈ 5 ഘട്ടങ്ങളും പൂർത്തിയാക്കിയിരിക്കണം
   - ഘട്ടം 1. രജിസ്റ്റർ ചെയ്യൽ
   - ഘട്ടം 2. ഓൺലൈൻ അപേക്ഷാ പൂരിപ്പിക്കൽ
   - ഘട്ടം 3. അപേക്ഷാ ഫീസ് സമർപ്പണം
   - ഘട്ടം 4. ഫോട്ടോയും സർട്ടിഫിക്കറ്റുകളും അപ്‌ലോഡ് ചെയ്യൽ
   - ഘട്ടം 5. ആപ്ലിക്കേഷൻ അക്നോളഡ്ജ്മെന്റ് പേജിന്റെ പ്രിന്റൗട്ട് എടുക്കൽ

   (വിശദവിവരങ്ങൾക്ക് പ്രോസ്പെക്ടസ് ക്ലോസ് 7.4 കാണുക)

2. എല്ലാ ഘട്ടങ്ങളും ഒറ്റത്തവണ കൊണ്ട് ചെയ്യണമെന്ന് നിർബന്ധമാണോ?
   ഒറ്റത്തവണ കൊണ്ട് എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കേണ്ടതില്ല. വ്യത്യസ്ത സമയങ്ങളിൽ ഓരോ ഘട്ടവും പൂർത്തിയാക്കാം. എന്നാൽ അവസാന തീയതിക്കുള്ളിൽ മുകളിൽ പറഞ്ഞ 5 ഘട്ടങ്ങളും പൂർത്തിയാക്കിയിരിക്കണം.

3. ഓൺലൈൻ അപേക്ഷ ചെയ്യാൻ ഏതൊക്കെ വെബ് ബ്രൗസർ ഉപയോഗിക്കാം ?
   ലഭ്യമായ ഏത് വെബ് ബ്രൗസറും ഉപയോഗിക്കാം.

4. പ്രവേശന പരീക്ഷാ കമ്മീഷണർ ഏതൊക്കെ കോഴ്സുകളിലേക്കാണ് കീം വഴി അലോട്ട്മെൻറ് നടത്തുന്നത് ?
   എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്റ്ററി, വെറ്റിനറി, ഫിഷറീസ്, ഫാർമസി, കോ-ഓപ്പറേഷൻ & ബാങ്കിങ്, ബി.ടെക് ബയോടെക്നോളജി, ക്ലൈമെറ്റ് ചേഞ്ച് & എൻവയോൺമെൻറ്റൽ സയൻസ് എന്നീ കോഴ്സുകളിലേക്കാണ് കീം വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെൻറ് നടത്തുന്നത്.

5. പ്രവേശന പരീക്ഷാ കമ്മീഷണർ മെഡിക്കൽ പ്രവേശന പരീക്ഷ നടത്തുന്നുണ്ടോ ?
   പ്രവേശന പരീക്ഷാ കമ്മീഷണർ മെഡിക്കൽ & അലൈഡ് കോഴ്സുകൾക്ക് പ്രവേശന പരീക്ഷ നടത്തുന്നില്ല.
   മെഡിക്കൽ & അലൈഡ് കോഴ്സുകളുടെ പ്രവേശനത്തിനായി National Testing Agency (NTA) നടത്തുന്ന NEET- UG 2024 പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിരിക്കണം.

6. ഞാൻ ആർക്കിടെക്ച്ചർ കോഴ്സിലേക്കു അപേക്ഷിക്കാൻ താത്പര്യപ്പെടുന്നു. ഏത് പ്രവേശന പരീക്ഷയിൽ ആണ് ഞാൻ യോഗ്യത നേടേണ്ടത്?
   ആർക്കിടെക്ച്ചർ കോഴ്സിലേക്ക് അപേക്ഷിക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ നടത്തുന്ന 2024 NATA (National Aptitude Test in Architecture) യോഗ്യത നേടിയിരിക്കണം. അതിനോടൊപ്പം കീം അപേക്ഷ സമർപ്പിക്കുകയും പ്രവേശന പരീക്ഷാ കമ്മീഷണർ പ്ലസ്-ടു മാർക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുന്ന സമയത്തു പ്ലസ്-ടു മാർക്കിനൊപ്പം NATA സ്കോറും സമർപ്പിക്കേണ്ടതാണ്.

7. കേരളത്തിലെ മെഡിക്കൽ കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റിൽ ഉൾപ്പെടാൻ ഒരേ സമയം KEAM ലേക്കും NEET ലേക്കും നിർബന്ധമായും അപേക്ഷിക്കണം എന്നുണ്ടോ?
   അതെ, കേരളത്തിലെ മെഡിക്കൽ കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റിൽ ഉൾപ്പെടാൻ ഒരേ സമയം KEAM ലേക്കും NEET ലേക്കും നിർബന്ധമായും അപേക്ഷിക്കണം.

8. സാധാരണയായി NEET-UG പരീക്ഷ MBBS/BDS കോഴ്സുകൾക്ക് വേണ്ടിയാണ് നടത്തുന്നത്. ഞാൻ കേരളത്തിലെ അഗ്രികൾച്ചർ കോഴ്സിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നു. അതിനു NEET യോഗ്യത നേടണമെന്നുണ്ടോ ?
കേരളത്തിൽ മെഡിക്കൽ & മെഡിക്കൽ അലൈഡ് കോഴ്സുകളിൽ (ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്റ്ററി, വെറ്റിനറി, ഫിഷറീസ്, ഫാർമസി, കോഓപ്പറേഷൻ & ബാങ്കിങ്, ബിടെക് ബയോടെക്നോളജി, ക്ലൈമറ്റ്ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്) അലോട്ട്മെന്റ് നടത്തുന്നത് NEET UG 2024 റാങ്കിന്റെ അടിസ്ഥാനത്തിൽ ആണ്. അതിനാൽ മെഡിക്കൽ & മെഡിക്കൽ അലൈഡ് കോഴ്സുകളിൽ അപേക്ഷിക്കുന്നവർ നിർബന്ധമായും NEET യോഗ്യത നേടുകയും KEAM അപേക്ഷ സമർപ്പണം നടത്തുകയും വേണം.

9. ഞാൻ **NEET-UG** റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. KEAM അപേക്ഷ സമയത്തു അപേക്ഷിക്കാൻ കഴിഞ്ഞില്ല. സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ എനിക്ക് ഒരു അവസരം തരുമോ അല്ലെങ്കിൽ എന്നെ കേരള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുമോ?
മെഡിക്കൽ & മെഡിക്കൽ അലൈഡ് കോഴ്സുകളിൽ അപേക്ഷിക്കുന്നവർ നിർബന്ധമായും NEET റാങ്ക് ലിസ്റ്റിൽ യോഗ്യത നേടുകയും കീം അപേക്ഷ സമർപ്പണം, വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള അവസാന തീയതിക്കുള്ളിൽ നടത്തുകയും വേണം. മാർച്ച് മാസത്തിൽ KEAM ന് അപേക്ഷിക്കാനുള്ള വിജ്ഞാപനം പ്രസിദ്ധികരിക്കും.

10. NEET-UG പ്രവേശന പരീക്ഷക്ക് എങ്ങനെ എപ്പോൾ അപേക്ഷിക്കണം ?
NEET-UG പ്രവേശന പരീക്ഷ National Testing Agency ആണ് നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് NTA - യുടെ വെബ്സൈറ്റ് പരിശോധിക്കുക.

11. ഞാൻ എന്റെ മൊബൈൽ നമ്പർ ഉപയോഗിച്ച് KEAM രജിസ്റ്റർ ചെയ്തു. അതെ നമ്പർ ഉപയോഗിച്ച് വേറൊരു അപേക്ഷ രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ ?
ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒന്നിൽ കൂടുതൽ അപേക്ഷ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. ഒരു കോഴ്സിനോ/എല്ലാ കോഴ്സുകളിലേയ്ക്കുമോ ഉള്ള പ്രവേശനത്തിന് ഒരു അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.

12. KEAM രജിസ്റ്റർ ചെയ്യുമ്പോൾ OTP എത്ര സമയത്തിനുള്ളിൽ ലഭിക്കും ?
സാധാരണയായി, KEAM-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിങ്ങളുടെ മൊബൈൽ നമ്പറിലേക്ക് OTP തൽക്ഷണം ലഭിക്കും.

13. KEAM രജിസ്റ്റർ ചെയ്ത സമയത്തു ഞാൻ അപേക്ഷ നമ്പർ എഴുതി എടുക്കാൻ മറന്ന്പോയി. വീണ്ടും അതെങ്ങനെ എടുക്കാൻ സാധിക്കും ?
KEAM ഒന്നാം ഘട്ടം രെജിസ്റ്റർ ചെയ്തു കഴിയുമ്പോൾ രജിസ്റ്റേർഡ് മൊബൈൽ നമ്പറിലേക്കു ആപ്ലിക്കേഷൻ നമ്പർ മെസ്സേജ് ആയി ലഭിക്കും. ഹോംപേജിലെ 'Forgot Application Number' എന്ന മെനു ഉപയോഗിച്ച് താങ്കളുടെ പേരും രജിസ്റ്റേർഡ് മൊബൈൽ നമ്പരും നൽകി application നമ്പർ വീണ്ടും എടുക്കാവുന്നതാണ്.

14. ഞാൻ എന്റെ പാസ്സ്‌വേർഡ് മറന്നുപോയി. അതെങ്ങനെ വീണ്ടെടുക്കാൻ സാധിക്കും ?
ഹോംപേജിലെ 'Forgot password' എന്ന മെനുവിൽ അപേക്ഷാ നമ്പറും ജനന തീയതിയും ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്റ്റേർഡ് മൊബൈലിൽ കിട്ടുന്ന OTP ഉപയോഗിച്ചു പുതിയ പാസ്സ്‌വേർഡ് SET ചെയ്യാൻ സാധിക്കും.

15. മൊബൈൽ നമ്പറും email ID യും രെജിസ്ട്രേഷന് നിർബന്ധമാണോ ?
നിർബന്ധമാണ്

16. എനിക്ക് ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്നില്ല, കാരണം എന്തായിരിക്കാം?
ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് അപ്‌ലോഡ് ചെയ്യുക. കാൻഡിഡേറ്റ് പോർട്ടലിലെ 'How to upload' എന്ന മെനു പരിശോധിക്കുക.

17. അപ്‌ലോഡ് ചെയ്ത ഫോട്ടോയിൽ പേരും ജനന തീയതിയും ഇല്ലെങ്കിൽ അപേക്ഷ നിരസിക്കുമോ?
ഇല്ല, ഫോട്ടോയിൽ പേരും ജനന തീയതിയും ഇല്ലെങ്കിൽ അപേക്ഷ നിരസിക്കില്ല.

18. KEAM ന് അപേക്ഷിക്കുന്നതിനു മുൻപ് വിവിധ സംവരണങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങാനുള്ള പ്രൊഫോർമ എങ്ങനെ/എവിടുന്നു ലഭിക്കും?
വിജ്ഞാപനത്തോടൊപ്പം ആവശ്യമായ പ്രൊഫോർമകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കും.

19. KEAM ന് അപേക്ഷിക്കാനുള്ള പ്രായപരിധി എത്രയാണ്?
KEAM ന് അപേക്ഷിക്കാൻ 31-12-2024-ൽ 17 വയസ്സ് തികഞ്ഞിരിക്കണം. ഉയർന്ന പ്രായപരിധി ഇല്ല. NEETനു അപേക്ഷിക്കുന്നവർ പ്രായപരിധി അറിയുന്നതിന് NEET-UG-2024 ഇൻഫർമേഷൻ ബുള്ളറ്റിൻ പരിശോധിക്കുക.

20. കോഴ്സ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം അപ്‌ലോഡ്ചെയ്യണം എന്ന് നിർബന്ധമുണ്ടോ ?
ആയുർവേദ കോഴ്സിന് വെയ്റ്റേജ് മാർക്ക് ലഭിക്കുന്നതിന് സംസ്കൃതം രണ്ടാം ഭാഷ ആയി പഠിക്കുന്ന അവസാനവർഷ വിദ്യാർത്ഥികൾ അവർ പഠിക്കുന്ന സ്കൂൾ പ്രിൻസിപ്പാൾ നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. അവസാന വർഷ VHSE (Agri),/(Diploma in Organic Agriculture )/HSE (NSQF Agri. Stream), (Live stock Management)/HSE (Dairy Farmer Entrepreneur, course),HSE (small poultry farmer course) എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ സ്ഥാപന മേധാവിയുടെ കോഴ്സ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. കോഴ്സ് പൂർത്തിയാക്കിയവർ യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്താൽ മതിയാകും.

21. അപേക്ഷാ ഫീസ് അടയ്ക്കാനുള്ള വഴികൾ എന്തൊക്കെയാണ്?
അപേക്ഷാ ഫീസ് ഡെബിറ്റ്കാർഡ്, ക്രെഡിറ്റ്കാർഡ് അല്ലെങ്കിൽ ഇൻറർനെറ്റ് ബാങ്കിംഗ് എന്നിവ ഉപയോഗിച്ച് അടയ്ക്കാം.

22. എഞ്ചിനീയറിംഗ്, മെഡിക്കൽ, ആർക്കിടെക്ചർ കോഴ്സുകൾക്ക് ഞാൻ എത്ര അപേക്ഷാ ഫോമുകൾ സമർപ്പിക്കണം?
ഒരു വിദ്യാർത്ഥി ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതി. ഒരു അപേക്ഷയിൽ വിദ്യാർത്ഥിക്ക് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സ് എന്നിവ തിരഞ്ഞെടുക്കാം. ഒന്നിൽ കൂടുതൽ അപേക്ഷകൾ അയച്ചാൽ, എല്ലാ അപേക്ഷകളും നിരസിക്കപ്പെടും.

23. പട്ടികജാതി വിഭാഗത്തിൻറെ (SC) ലിസ്റ്റ് എനിക്ക് എവിടെ കണ്ടെത്താനാകും ?
KEAM പ്രോസ്പെക്റ്റസിൽ പട്ടികജാതിയുടെ ലിസ്റ്റ് അനുബന്ധം VIII ൽ നൽകിയിരിക്കുന്നു.

24. പട്ടികവർഗ വിഭാഗത്തിൻറെ ലിസ്റ്റ് (ST) എനിക്ക് എവിടെ കണ്ടെത്താനാകും ?
KEAM പ്രോസ്പെക്റ്റസിൽ പട്ടികവർഗ്ഗ വിഭാഗത്തിൻറെ ലിസ്റ്റ് അനുബന്ധം IX ൽ നൽകിയിരിക്കുന്നു.

25. OEC ലിസ്റ്റ് എനിക്ക് എവിടെ ലഭിക്കും ?
KEAM പ്രോസ്പെക്റ്റസിൽ OEC വിഭാഗത്തിൻറെ ലിസ്റ്റ് അനുബന്ധം - X ൽ നൽകിയിരിക്കുന്നു.

26. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുടെ (SEBC) പട്ടിക എവിടെ കണ്ടെത്താനാകും ?
KEAM പ്രോസ്പെക്റ്റസിൽ അനുബന്ധം- XI-ൽ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുടെ (SEBC) പട്ടിക നൽകിയിരിക്കുന്നു.

27. സ്ത്രീ/ഒറ്റ പെൺകുട്ടിക്ക് അപേക്ഷാ ഫീസ് ഇളവുണ്ടോ ?
ഇല്ല

28. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷാ ഫീസ് ഇളവുണ്ടോ?
ഇല്ല

29. ഏതൊക്കെ സ്ഥലങ്ങളിലാണ് കീം പരീക്ഷ നടക്കുന്നത് ?
കേരളത്തിലെ ജില്ലകളിലെ വിവിധ കേന്ദ്രങ്ങൾക്ക് പുറമേ മുംബൈ, ന്യൂഡൽഹി, ദുബായ് എന്നിവിടങ്ങളിലും കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാകേന്ദ്രങ്ങൾ ഉണ്ടാകും.

30. പരീക്ഷാ കേന്ദ്രത്തിൻറെ ചോയ്സ് പൂരിപ്പിക്കൽ പൂർത്തിയാക്കിയ ശേഷം എനിക്ക് പ്രവേശന പരീക്ഷാകേന്ദ്രം മാറ്റാനാകുമോ?
ഇല്ല

31. അപേക്ഷയുടെ അന്തിമ സമർപ്പണത്തിന് ശേഷം എനിക്ക് തിരഞ്ഞെടുത്ത കോഴ്സ് മാറ്റാൻ കഴിയുമോ?
ഇല്ല, കോഴ്സ് മാറ്റാനോ പിന്നീട് ചേർക്കാനോ കഴിയില്ല. ഇക്കാര്യത്തിൽ അപേക്ഷയുടെ അന്തിമ സമർപ്പണത്തിന് ശേഷമുള്ള അഭ്യർത്ഥനകൾ അനുവദിക്കില്ല.

32. നേറ്റിവിറ്റി തെളിയിക്കാൻ സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ എന്തൊക്കെയാണ്?
പ്രോസ്പെക്ടസ് ക്ലോസ് 6.1 പരിശോധിക്കുക.

33. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുമോ?
ഇല്ല, കേരളത്തിലെ റവന്യൂ അതോറിറ്റിയിൽ (വില്ലേജ്ഓഫീസുകൾ) നിന്ന് ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് മാത്രം സ്വീകരിക്കും.

34. ഞാൻ പൊതുവിഭാഗത്തിൽപ്പെട്ടയാളാണ്, വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ടോ?
SC/ST ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികളും വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതാണ് നല്ലത്. കുടുംബ വാർഷിക വരുമാനത്തെ അടിസ്ഥാനമാക്കി സർക്കാരോ കോളേജ് അധികൃതരോ പിന്നീട് അനുവദിക്കുന്ന ഫീസ് ഇളവ്/സ്കോളർഷിപ്പുകൾ പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്നവർ (പൊതുവിഭാഗം ഉൾപ്പെടെ) ഓൺലൈൻ അപേക്ഷാ പോർട്ടലിലേക്ക് വരുമാന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. അപേക്ഷയുടെ

അവസാന തീയതിക്ക് ശേഷം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ അവസരം അനുവദിക്കില്ല.

35. ഞാൻ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ (SEBC) പെടുന്നു. സാമുദായിക സംവരണത്തിനായി എനിക്ക് എങ്ങനെ ക്ലെയിം ചെയ്യാം?
SEBC സംവരണം ലഭിക്കുന്നതിന്, അപേക്ഷയ്ക്കൊപ്പം, വിദ്യാർത്ഥികൾ കേരളത്തിലെ റവന്യൂ അതോറിറ്റിയിൽ (വില്ലേജ്ഓഫീസുകൾ) നിന്ന് ലഭിച്ച ഒരു വർഷത്തെ സാധുതയുള്ള സംസ്ഥാന വിദ്യാഭ്യാസ ആവശ്യത്തിനായുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യണം. പ്രോസ്പെക്ടസ് പരിശോധിക്കുക.

36. എസ്സി/എസ്.ടി സാമുദായിക സംവരണം ക്ലെയിം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ?
എസ്സി/എസ്ടി ക്വാട്ടയിൽ സംവരണം അവകാശപ്പെടുന്ന അപേക്ഷകർ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള അവസാന തീയതിക്ക് മുമ്പ് കേരളത്തിലെ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന ജാതി/സമുദായ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യേണ്ടതാണ്.

37. ഞാൻ അച്ഛനും അമ്മയും മിശ്ര വിവാഹിതരായ ദമ്പതികളുടെ കുട്ടിയാണ്. അതിൽ ഒരാൾ SC/ST യിൽ പെട്ടയാളാണ്. മിശ്ര വിവാഹ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി എനിക്ക് എന്തെങ്കിലും റിസർവേഷൻ ലഭിക്കുമോ?
ഇല്ല, SC/ST ക്ലെയിം ലഭിക്കുന്നതിന് പ്രോസ്പെക്ടസിൽ വിവരിച്ച നടപടിക്രമം സാമുദായിക സംവരണം ലഭിക്കുന്നതിന് പിന്തുടരേണ്ടതുണ്ട് (വിവരങ്ങൾക്ക് പ്രോസ്പെക്ടസ് ക്ലോസ് 5.4.3 കാണുക). എന്നാൽ മിശ്ര വിവാഹിതരായ ദമ്പതികളുടെ മക്കളായ വിദ്യാർത്ഥികളിൽ അച്ഛനോ അമ്മയോ ആരെങ്കിലും ഒരാൾ SC/ST ആണ് എങ്കിൽ ഖണ്ഡിക 2(ii) GO(MS no. 25/2005/SCSTDD തീയതി 20.06.2005) പ്രകാരം SC/ST ക്ക് അനുവദനീയമായ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കും. അവസാന തീയതിക്ക് മുമ്പ് കേരളത്തിലെ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന അച്ഛനമ്മമാരുടെ മിശ്രവിവാഹ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യണം.

38. വിജ്ഞാപനത്തിലൂടെ അറിയിച്ച നിശ്ചിത സമയത്തിന് മുമ്പ് സാമുദായിക സംവരണം ക്ലെയിം ചെയ്യുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാൻ ഞാൻ മറന്നു. എനിക്ക് ഇമെയിൽ/തപാൽ/നേരിട്ട് സർട്ടിഫിക്കറ്റ് സമർപ്പിക്കാമോ?
ഇല്ല, തപാൽ/ഇമെയിൽ/നേരിട്ട് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല. ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും 'Upload Images and Certificates' Step-4 എന്ന സെഷനിലൂടെ അവസാന തീയതിക്ക് മുമ്പ് അപ്ലോഡ് ചെയ്യേണ്ടതാണ്.

39. ഞാൻ കേരളീയേതരൻ–II –ൽ പെടുന്നു. കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് പ്രവേശനം ലഭിക്കാൻ ഞാൻ യോഗ്യനാണോ?
സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഓൾ ഇന്ത്യ മെറിറ്റ് ക്വോട്ട (AM) എംബിബിഎസ് പ്രവേശനത്തിന് മാത്രമേ കേരളീയേതരൻ–II – ൽ പെടുന്ന വിദ്യാർത്ഥിയെ പരിഗണിക്കു.

40. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ക്വാട്ടയിൽ സംവരണം ക്ലെയിം ചെയ്യുന്നതിന്, ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് ഞാൻ അപ്ലോഡ് ചെയ്യേണ്ടത്?
ഈ ക്വാട്ടയിൽ സംവരണം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ രാഷ്ട്രപതി ഒപ്പിട്ട രാഷ്ട്രപതി സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സർട്ടിഫിക്കറ്റിൻറെ കോപ്പി അപ്ലോഡ് ചെയ്യണം. ഈ സർട്ടിഫിക്കറ്റിൻറെ അഭാവത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറും (ഡിപിഐ), കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സെക്രട്ടറിയും ഒപ്പിട്ട മാതൃകാ സർട്ടിഫിക്കറ്റ് പരിഗണിക്കും.

41. സ്പോർട്സ് ക്വാട്ടയിൽ സംവരണം ക്ലെയിം ചെയ്യുന്നതിന് ഞാൻ എന്തുചെയ്യണം ?
സ്പോർട്സ് ക്വാട്ടയിൽ സംവരണം ക്ലെയിം ചെയ്യുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്റ്റസിൽ നിർദ്ദേശിച്ചിരിക്കുന്ന സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അനുബന്ധം XVIII (ii)-ൽ ചേർത്തിട്ടുള്ള കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൻറെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി യോഗ്യത നേടിയിരിക്കണം. വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷിക്കണം, കൂടാതെ കീം ഓൺലൈൻ അപേക്ഷയുടെ പേജിൻറെ പകർപ്പ് ആവശ്യമായ സ്പോർട്സിൻറെ രേഖകൾ സഹിതം സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ അവസാന തീയതിക്ക് മുമ്പ് അയയ്ക്കണം.

42. ഞാൻ ഒരു എൻ.സി.സി കേഡറ്റാണ്, എൻസിസി ക്വാട്ടയിൽ പ്രവേശനത്തിന് പരിഗണിക്കപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു, ഞാൻ എന്തുചെയ്യണം?
എൻസിസി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും ഓൺലൈൻ അപേക്ഷയുടെ അക്നോളജ്മെൻറ് പേജ് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകർ കേഡറ്റുകളായി എൻറോൾ ചെയ്തിട്ടുള്ള എൻ.സി.സി യൂണിറ്റ് ഓഫീസുകളിലേക്ക് അവസാന തീയതിക്ക് മുമ്പ് അയക്കുകയും വേണം.

43. എൻറെ ഓൺലൈൻ ആപ്ലിക്കേഷനിൽ ചില അപ്രതീക്ഷിത ഡാറ്റ കാണിക്കുന്ന പ്രശ്നം എങ്ങനെ പരിഹരിക്കും?
മിക്കപ്പോഴും, ബ്രൗസറിൻറെ CACHE CLEAR ചെയ്യുന്നതിലൂടെ പ്രശ്നം പരിഹരിക്കപ്പെട്ടേക്കാം. CACHE CLEAR ചെയ്യാൻ ബ്രൗസറിൽ Ctrl Shift Delete കീകൾ അമർത്തി അതിലെ നിർദ്ദേശങ്ങൾ പാലിക്കുക.

44. അപേക്ഷ പൂരിപ്പിക്കുന്ന സമയത്ത്, 'സെഷൻ ടൈം ഔട്ട്' കാണിക്കുന്നു, കൂടാതെ പൂരിപ്പിച്ച വിവരങ്ങൾ നഷ്ടപ്പെട്ടു. ഇത് എങ്ങനെ ഒഴിവാക്കാം ?
ഉപയോക്താവ് ലോഗിൻ ചെയ്യുകയും എന്നാൽ ആപ്ലിക്കേഷൻ പേജ് ഏറെ നേരം ഉപയോഗിക്കാതിരിക്കുകയും ചെയുമ്പോൾ ആണ് സെഷൻ ടൈംഔട്ട് ആകുന്നത്. തുടരാൻ അപേക്ഷകൻ വീണ്ടും ലോഗിൻ ചെയ്യണം.

45. അപേക്ഷ നിരസിക്കുന്നതിനുള്ള പൊതുവായ കാരണങ്ങൾ എന്തൊക്കെയാണ്?
അപ്‌ലോഡ് ചെയ്ത ഫോട്ടോ, കയ്യൊപ്പ് എന്നിവ യഥാർത്ഥവും വ്യക്തവുമല്ലെങ്കിൽ, How to apply എന്നതിൽ നൽകിയിരിക്കുന്ന സ്പെസിഫിക്കേഷൻ പാലിക്കുന്നില്ലെങ്കിൽ, ജനനത്തീയതിയുടെയും നേറ്റിവിറ്റിയുടെയും ആധികാരിക തെളിവ് ആപ്ലിക്കേഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ, ഓരോ വിഭാഗത്തിനും (ജനറൽ അല്ലെങ്കിൽ എസ്‌സി) ആവശ്യമായ അപേക്ഷാ ഫീസ് ശരിയായ രീതിയിൽ അടച്ചില്ലെങ്കിൽ.

46. അപേക്ഷാ ഫീസിൻറെ ഓൺലൈൻ പേയ്മെൻറ് വിജയകരമാണോ എന്ന് എനിക്ക് എങ്ങനെ അറിയാനാകും?
വിജയകരമായ പേയ്മെൻറിന് ശേഷം സർട്ടിഫിക്കറ്റുകളും മറ്റുള്ളവയും അപ്‌ലോഡ് ചെയ്യുന്ന പേജിലേക്ക് നയിക്കപ്പെടും (Step – 4). KEAM ആപ്ലിക്കേഷൻ പോർട്ടലിൻറെ ഹോം പേജ് സന്ദർശിച്ചാൽ, അതിൽ ടോപ്പിലെ 'ആപ്ലിക്കേഷൻ ഫീസ് അടയ്ക്കുക' എന്ന ടാബ് പച്ചയായി കാണുകയും ശേഷിക്കുന്ന ഘട്ടങ്ങൾ പൂർത്തിയാക്കാൻ കഴിയുകയും ചെയ്യും.

47. ഞാൻ അപേക്ഷാ ഫീസ് അടച്ചിട്ടുണ്ടെങ്കിലും, അപേക്ഷാ പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് പോകാൻ എനിക്ക് കഴിയുന്നില്ല. എന്തുകൊണ്ട്?
നിങ്ങൾക്ക് പടിപടിയായി (5 ഘട്ടങ്ങൾ) ഓൺലൈൻ അപേക്ഷാ ഫോം പൂർത്തിയാക്കാൻ കഴിയും. ഫോട്ടോ, കയ്യൊപ്പ് എന്നിവ അപ്‌ലോഡ് ചെയ്യുക, ആവശ്യമായ ഫീസ് അടച്ചതിനുശേഷം മാത്രമേ സർട്ടിഫിക്കറ്റുകളുടെ സെഷൻ സജീവമാകൂ. ഹോംപേജിൽ അപേക്ഷ ഫീസ് പേയ്മെൻറ്ടാബ് പരിശോധിക്കുക. ഇത് പച്ചയായി മാറിയില്ലെങ്കിൽ, നിങ്ങളുടെ പേയ്മെൻറ് വിജയിച്ചില്ല. അപ്പോൾ നിങ്ങൾക്ക് തുടർനടപടികളിലേക്ക് പോകാൻ കഴിയില്ല.

48. പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് എനിക്ക് എങ്ങനെ ലഭിക്കും?
എഞ്ചിനീയറിംഗ്/ഫാർമസി വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം. അതിൻറെ തീയതി വെബ്സൈറ്റിൽ അറിയിക്കും.

49. വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് തപാൽ വഴി അയക്കുമോ?
അഡ്മിറ്റ് കാർഡുകൾ തപാൽ വഴി അയയ്ക്കില്ല. വിദ്യാർത്ഥികൾ അവരുടെ കാൻഡിഡേറ്റ് പോർട്ടലിൽ നിന്ന് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത് പ്രിൻറൗട്ട് എടുക്കണം.

50. എൻറെ ഓൺലൈൻ അപേക്ഷാ സമർപ്പണത്തിലെ അപാകതകൾ പരിഹരിക്കാനാകുമോ?
അപേക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്കിടെ, അപേക്ഷയിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റ് മുതലായവ, കീം ആപ്ലിക്കേഷൻ പോർട്ടലിൽ ഒരു മെമ്മോ ലഭ്യമാകും. അതിൻറെ തീയതി വിജ്ഞാപനത്തിലൂടെ അറിയിക്കും. കാൻഡിഡേറ്റ് പോർട്ടലിൽ ലോഗിൻ ചെയ്തുകൊണ്ട് വിദ്യാർത്ഥികൾക്ക് മെമ്മോ കാണാൻ കഴിയും. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച നിശ്ചിത സമയത്തിനുള്ളിൽ വിദ്യാർത്ഥികൾ അപാകതകൾ പരിഹരിക്കണം.

51. ജനന സ്ഥലത്തിൻറെയും ജനനത്തീയതിയുടെയും തെളിവായി എൻറെ ജനന സർട്ടിഫിക്കറ്റ് ഉപയോഗിക്കാമോ?
ഒരു സർട്ടിഫിക്കറ്റ് വ്യത്യസ്ത ആവശ്യങ്ങൾക്കായി ഉപയോഗിക്കാം. എന്നാൽ ആയത് അനുബന്ധ കോളത്തിൽ തന്നെ അപ്‌ലോഡ് ചെയ്തു എന്ന് ഉറപ്പാക്കേണ്ടതാണ്.

52. നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രണ്ട് സർട്ടിഫിക്കറ്റുകൾ എൻറെ പക്കലുണ്ട്. പക്ഷേ, ആപ്ലിക്കേഷൻ പോർട്ടലിൻറെ അപ്‌ലോഡിംഗ് വിഭാഗത്തിൽ അപ്‌ലോഡ് ചെയ്യാൻ ഒരു കോളം മാത്രമേ ലഭ്യമാകൂ. ഞാൻ എന്ത് ചെയ്യണം?
ഒരു പ്രത്യേക ക്ലെയിം തെളിയിക്കാൻ ഒന്നിലധികം സർട്ടിഫിക്കറ്റുകൾ ആവശ്യമാണെങ്കിൽ, ബന്ധപ്പെട്ട എല്ലാ സർട്ടിഫിക്കറ്റുകളും ഒരുമിച്ച് ഒരൊറ്റ PDF ഫയലിലേക്ക് കൂട്ടിച്ചേർക്കാം. എല്ലാ പേജുകളും അടങ്ങുന്ന ഈ ഒരൊറ്റ ഫയൽ അപ്‌ലോഡ്ചെയ്യുന്ന വിഭാഗത്തിൻറെ അനുബന്ധ കോളത്തിന് നേരെ അപ്‌ലോഡ് ചെയ്യാം.

53. ഞാൻ മുസ്ലീം ന്യൂനപക്ഷ സമുദായത്തിൽ പെട്ടയാളാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ന്യൂനപക്ഷ ക്വാട്ടയുടെ MBBS അലോട്ട്മെൻറിനായി പരിഗണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എൻറെ കാറ്റഗറി ക്ലെയിമിനായി ഞാൻ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. ന്യൂനപക്ഷ ക്വാട്ട ക്ലെയിം ചെയ്യുന്നതിന് എനിക്ക് ഇതേ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാൻ കഴിയുമോ?
ന്യൂനപക്ഷ ക്ലെയിമുകൾക്കായി നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാം. വിദ്യാർത്ഥിയുടെ എസ് എസ് എൽസി/വിദ്യാഭ്യാസ സർട്ടിഫിക്കറ്റിൽ മതം ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ന്യൂനപക്ഷ അവകാശവാദത്തിന് മാത്രമായി കമ്മ്യൂണിറ്റി/ന്യൂനപക്ഷ സർട്ടിഫിക്കറ്റിന് പകരം പരിഗണിക്കും.

54. ഓൺലൈൻ അപേക്ഷാ ഫോമിനൊപ്പം, എൻആർഐ ക്വാട്ട സ്റ്റാറ്റസ് ക്ലെയിം ചെയ്യുന്നതിന് ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും അപ്‌ലോഡ് ചെയ്യാൻ എനിക്ക് കഴിയുന്നില്ല. പിന്നീടുള്ള ഘട്ടത്തിൽ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാൻ എന്നെ അനുവദിക്കുമോ?
ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈൻ അപേക്ഷാ ഫോമിനൊപ്പം അപ്‌ലോഡ് ചെയ്യണം. ഒരു അപേക്ഷകനെയും അവസാന തീയതിയ്ക്ക് ശേഷം സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാൻ അനുവദിക്കില്ല.

55. നേറ്റിവിറ്റി തെളിയിക്കാൻ അപ്‌ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ എന്തൊക്കെയാണ്?
പ്രോസ്പെക്ടസ് ക്ലോസ് 6.1 & 6.1.1 കാണുക.

56. മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകൾക്കുള്ള അക്കാദമിക് യോഗ്യത എന്താണ്?
പ്രോസ്പെക്ടസ് ക്ലോസ് 6.2.1 കാണുക.

57. എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള അക്കാദമിക് യോഗ്യത എന്താണ്?
പ്രോസ്പെക്ടസ് ക്ലോസ് 6.2.2 കാണുക.

58. ആർക്കിടെക്ചർ കോഴ്സുകൾക്കുള്ള അക്കാദമിക് യോഗ്യത എന്താണ്?
പ്രോസ്പെക്ടസ് ക്ലോസ് 6.2.3 കാണുക.

59. ബി ഫാം കോഴ്സുകൾക്കുള്ള അക്കാദമിക് യോഗ്യത എന്താണ്?
പ്രോസ്പെക്ടസ് ക്ലോസ് 6.2.4 കാണുക.

60. ഓൺലൈൻ അപേക്ഷാ സമർപ്പണം പൂരിപ്പിക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ എന്തൊക്കെയാണ് ?
പ്രോസ്പെക്ടസ് ക്ലോസ് 7.4 കാണുക.

61. Persons with Disabilities' സംവരണം ക്ലെയിം ചെയ്യുന്നതിനുള്ള വിവരങ്ങൾ എന്തൊക്കെയാണ്?
പ്രോസ്പെക്ടസ് ക്ലോസ് 5.3 & 7.5.3 കാണുക.

62. അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ എന്തൊക്കെയാണ്?
പ്രോസ്പെക്ടസ് ക്ലോസ് 7.6 കാണുക.

63. NRI സീറ്റ് ക്ലെയിമിനായി അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ എന്തൊക്കെയാണ്?
പ്രോസ്പെക്ടസ് ക്ലോസ് 7.6 (k) കാണുക.

64. കേന്ദ്രീകൃത അലോട്ട്മെൻറ് പ്രക്രിയ വിവരിക്കുക (CAP)
പ്രോസ്പെക്ടസ് ക്ലോസ് 11 കാണുക.

65. ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള നിയമങ്ങളും നിയന്ത്രണങ്ങളും എന്തൊക്കെയാണ്?
പ്രോസ്പെക്ടസ് ക്ലോസ് 11.4 കാണുക.

66. ശ്രീചിത്രാ ഹോം, നിർഭയ ഹോം, ജുവനൈൽ ഹോം എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഫീസ് ഇളവ് എങ്ങനെയാണ് നൽകുന്നത്.
ശ്രീചിത്രാ ഹോം, നിർഭയ ഹോം, ജുവനൈൽ ഹോം, സർക്കാർ നടത്തുന്ന മറ്റ്സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികളായ അപേക്ഷകർക്ക് G.O.(Ms) No.130/90/H.Edn dated: 31.05.1990 പ്രകാരം പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്

ഫീസ് ഇളവ് ലഭിക്കുന്നതിന് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. പ്രോസ്പെക്ടസ് ക്ലോസ് 12.1.4 കാണുക.

67. വിമുക്തഭടൻ ക്വാട്ട സീറ്റ്, killed/missing/disabled in action ഡിഫൻസ് ഉദ്യോഗസ്ഥരുടെ ആശ്രിതർ (ഡികെ), സർവീസ് ഡിഫൻസ് പേഴ്സണൽ, അർദ്ധസൈനിക വിഭാഗം തുടങ്ങിയ സീറ്റ് ക്ലെയിം ചെയ്യാൻ, എന്തുചെയ്യണം ?
പ്രോസ്പെക്ടസ് ക്ലോസ് 5.2.1, 5.2.2, 5.2.3, 5.2.4, കാണുക.

68. അപേക്ഷാ ഫീസ് പോസ്റ്റ് ഓഫീസുകൾ വഴി അടയ്ക്കാൻ സാധിക്കുമോ?
അപേക്ഷാ ഫീസ് പോസ്റ്റ് ഓഫീസുകൾ വഴി അടയ്ക്കാൻ കഴിയില്ല, എന്നാൽ ട്യൂഷൻ ഫീസ് പോസ്റ്റ് ഓഫീസുകൾ വഴി അടയ്ക്കാം.

69. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സീറ്റ് റിസർവേഷനും ഫീസ് ഇളവിനുമായി എങ്ങനെ അപേക്ഷിക്കാം?
പ്രോസ്പെക്ടസ് ക്ലോസ് 5.2.13 കാണുക.

70. Liquidated Damages എപ്പോൾ, എങ്ങനെ നൽകണം?
പ്രോസ്പെക്ടസ് ക്ലോസ് 12.2.4ഉം അതാത് സമയത്തെ CEEയുടെ വിജ്ഞാപനങ്ങളും കാണുക.

***********************